വച്ചിട്ടുണ്ട്. ഇവയുടെ 75% തസ്തികകൾ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റു മാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

115 (1718) പാറശ്ശാല ആടുവളർത്തൽ കേന്ദ്രം

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിന്റെ കെട്ടിടങ്ങളുടെ പണി പൂർത്തിയായെങ്കിലും ജലസേചനവും വൈദ്യുതീകരണവും നടക്കാത്തതു കൊണ്ട് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയാതിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലസേചനത്തിനും വൈദ്യുതീകരണത്തിനും ആവശ്യമായ തുക ഈ വർഷംതന്നെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിന്റെ പണി ഇക്കൊല്ലം തന്നെ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാറശ്ശാല ആടുവളർത്തൽ കേന്ദ്രം പണിയുന്നതിലേയ്ക്കായി 50% കേന്ദ്രസഹായത്തോടെയുള്ള ഒരു പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്ര സർക്കാർ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ഈ പദ്ധതിയ്ക്കായി ചെലവായതിനാൽ സംസ്ഥാന സർക്കാരിന്റെ മാത്രമായിട്ടുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി വേണം അധിക ബാദ്ധ്യത നിർവഹിക്കുവാൻ. ഫാം തുടങ്ങുന്നതിന് ആവശ്യമായ അവശേഷിക്കുന്ന പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) എത്രയും വേഗം പണി പൂർത്തിയാക്കി ഫാം പ്രവർത്തനം സജ്ജമാക്കുകയാണ് ലക്ഷ്യം.

116 (1719) വള്ളിവട്ടത്ത് മൃഗാശുപത്രി അനുവദിക്കാനുള്ള നടപടി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജക മണ്ഡലത്തിലെ വള്ളിവട്ടം പ്രദേശത്ത് ഒരു മൃഗാശുപത്രി അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധാരാളം മൃഗങ്ങളുള്ള വെള്ളാങ്കല്ലൂർ പഞ്ചായത്തിൽ വള്ളിവട്ടത്ത് മൃഗാശുപത്രി അനുവദിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആശുപത്രി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഈ സാമ്പത്തികവർഷത്തിൽ ആവശ്യമായ പദ്ധതി വിഹിതമില്ലാത്തതിനാൽ ഇക്കാര്യം അനുവദിക്കാൻ നിർവ്വാഹമില്ല.

117 (1720) ടൂറിസം വികസന പ്രവർത്തനങ്ങൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം വികസനപ്രവർത്തനങ്ങൾ ഗവണ്മെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ ടൂറിസം വികസനത്തിനായി ഒരു പാക്കേജ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ ടൂറിസം വികസനം ടൂറിസം വകുപ്പ് നേരിട്ടും, കെ.ടി.ഡി.സി., ഡി.ടി.പി.സി.കൾ, ബി.ആർ.ഡി.സി. എന്നീ സ്ഥാപനങ്ങൾ മുഖേനയും, സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെയുമാണ് നടത്തുന്നത്. വിനോദസഞ്ചാരികൾക്ക് താമസ-ഭക്ഷണസൗകര്യങ്ങളും മറ്റും പ്രദാനം ചെയ്യുന്ന കാര്യത്തിൽ സ്വകാര്യമേഖലയ്ക്ക് സുപ്രധാനമായ പങ്കാണ് വഹിക്കാനുള്ളതെന്ന് ഗവണ്മെന്റ് കരുതുന്നു. ഇതിന് സ്വകാര്യമേഖലയ്ക്ക് പ്രോത്സാഹനം നൽകുക എന്നതും സംസ്ഥാനത്ത് നിലവിലുള്ള സൗകര്യങ്ങളും ആകർഷണീയതയും ശരിയായവിധം മാർക്കറ്റു ചെയ്യുക എന്നതുമാണ് ടൂറിസം വകുപ്പിന്റെ മുഖ്യ ചുമതല. കൂടാതെ, പുതിയ ടൂറിസ്റ്റ് ഡസ്റ്റിനേഷനുകളുടെ വികസനത്തിന് തുടക്കം കുറിക്കുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിലും, സർക്യൂട്ടുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, സ്വകാര്യമേഖല മുതൽമുടക്കുവാൻ മടിക്കുന്ന മേഖലകളിൽ മുതൽമുടക്കി, അവരെ ഈ രംഗത്തേക്ക് ആകർഷിക്കുക, ടൂറിസം വികസനത്തിനാവശ്യമായ നിയമ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ കാര്യങ്ങളും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നിവയും ടൂറിസം വകുപ്പിന്റെ ലക്ഷ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly